## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.. 1262

12 -07- 2011-ൽ
മറുപടി നൽകേണ്ടിയിരുന്നത്.

### മണിചെയിൻ തട്ടിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ് . രാജേന്ദ്രൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് മണിചെയിൻ തുടങ്ങി നിരവധി മാതൃകയിൽ ജനങ്ങളിൽ നിന്നും പണം തട്ടിയെടുക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ഉണ്ട്. മണി ചെയിൻ തട്ടിപ്പ് സംബന്ധമായി സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്ന എല്ലാ കേസുകളും സി.ബി.സി.ഐ.ഡി (Economic Offence Wing ) ക്ക് കൈമാറുവാനും അന്വേഷണത്തിന്റെ മുഴുവൻ നിരീക്ഷണ ചുമതലയും അഡിഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംസ്) - നെ ഏൽപിച്ച് ദ്രുതഗതിയിൽ അന്വേഷണം പൂർത്തിയാക്കാനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ ബാങ്ക് അക്കൗണ്ടുകളിലൂടെ ഇത്തരം തട്ടിപ്പ് നടത്തിയ കമ്പനികളുടെ ബാങ്ക് ഇട-പാടുകൾ മരവിപ്പിക്കുവാനും ഇത് റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽ-പ്പെടുത്തുവാനും നടപടികൾ . സ്വീകരിച്ചിട്ടുണ്ട്. തട്ടിപ്പുകൾക്കായി കമ്പനികൾ ഉപയോഗിച്ചിരുന്ന വെബ് സൈറ്റുകൾ, സെർവറുകൾ , കമ്പ്യൂട്ട-റുകൾ, എസ്.എം.എസുകളുടെ ഉറവി-ടങ്ങൾ എന്നിവ കണ്ടെത്തുവാനായി പോലീസ് ആസ്ഥാനത്തെ ഹൈ- ടെക് സെല്ലും , ജില്ലകളിലെ സൈബർ സെല്ലുകളും കാര്യക്ഷമമായി പ്രവർത്തിക്കു - ന്നുണ്ട്. പത്ര- ദൃശ്യ മാധ്യമങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കുന്നതി- |

നായി നടപടികൾ എടുത്തിട്ടുണ്ട്. കൂടാതെ ഇത്തരം തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിഷ്കർഷിച്ചു കൊണ്ട് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ı) | ഇത്തരത്തിൽ ജനങ്ങളിൽ നിന്നും പണം തട്ടുന്നതിന് പോലീസ് ഉദ്യോഗസ്ഥരടക്കം സഹായികളായിട്ടുണ്ടോ ; എങ്കിൽ ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ? | (ബി) | മണിചെയിൻ പോലുള്ള തട്ടിപ്പുകളിൽ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നിയന്ത്രിക്കുന്നതിനായി സംസ്ഥാന പോലീസിലെ എല്ലാ സേനാംഗങ്ങളും, ഉദ്യോഗസ്ഥരും അവരവരുടെ വരുമാനത്തെ സംബന്ധിച്ചുള്ള കണക്കുകൾ സംസ്ഥാന പോലീസ് മേധാവിയ്ക്ക് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം തട്ടിപ്പുകളിൽ നേരിട്ട് ബന്ധപ്പെട്ടിട്ടുള്ള പോലീസ് സേനാംഗങ്ങൾക്കും, ഉദ്യോഗസ്ഥർക്കുമെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ